**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2938** **12-07-2022 - ൽ മറുപടിയ്ക്ക്**

**പുനർഗേഹം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | പുനർഗേഹം പദ്ധതി പ്രകാരം എത്ര കുടുംബങ്ങൾക്ക് ഭവനം നിർമ്മിച്ച് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതിക്കായി ചെലവഴിച്ച തുക വ്യക്തമാക്കുമോ? | (എ) | ഫിഷറീസ് വകുപ്പ് നടത്തിയ സർവ്വേയുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയ 18,685 കുടുംബങ്ങളും അപ്പീൽ അപേക്ഷകളും ഉൾപ്പെടെ ആകെ 20,908 കുടുംബങ്ങളാണ് .സംസ്ഥാനത്താകെ തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്ന് 50 മീറ്ററിനുള്ളിൽ അധിവസിക്കുന്നത്. പുനർഗേഹം പദ്ധതിയിൽ വേലിയേറ്റ രേഖയിൽ നിന്ന് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന 8235 ഗുണഭോക്താക്കൾ മാറി താമസിക്കുന്നതിന് സന്നദ്ധത അറിയിച്ചിട്ടുണ്ട്. അതിൽ 3313 ഗുണഭോക്താക്കൾ കണ്ടെത്തിയ ഭൂമിയുടെ വില ജില്ലാതല പർച്ചേസ് കമ്മിറ്റി അംഗീകരിക്കുകയും 2594 ഗുണഭോക്താക്കൾ ഭൂമി രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട് . 2122 ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിച്ചിട്ടുള്ളതും 1435 ഗുണഭോക്താക്കൾ പദ്ധതി ആനുകൂല്യം പൂർണ്ണമായും കൈപ്പറ്റിയിട്ടുള്ളതുമാണ്. ജില്ലതിരിച്ചുള്ള പദ്ധതി പുരോഗതി വിവരം അനുബന്ധമായി ചേർക്കുന്നു.<br><br>പദ്ധതി പ്രകാരം 276 ഫ്ലാറ്റ് അപ്പാർട്ട്മെന്റുകൾ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. 342 ഫ്ലാറ്റുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. 556 ഫ്ലാറ്റുകളുടെ നിർമ്മാണത്തിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ സുഗമമായ നിർവഹണത്തിനായി ബഹു.മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച 250 കോടി രൂപയും ഫിഷറീസ് വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും അനുവദിച്ച 16 കോടി രൂപയും ചേർത്ത് ആകെ 266 കോടി രൂപ പദ്ധതിയ്ക്കായി അനുവദിച്ചിരുന്നു. അതിൽ 265.71 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| S. No | District | Total Beneficiaries | DLAC Beneficiaries approved | DLMC Beneficiaries approved | Registration of land | Installment released | | |
|---|---|---|---|---|---|---|---|---|
| | | | | | | 1st | 2nd | 3rd |
| 1 | TVM | 4981 | 3826 | 1117 | 791 | 583 | 497 | 398 |
| 2 | KLM | 1580 | 504 | 300 | 268 | 241 | 212 | 194 |
| 3 | ALP | 4660 | 1746 | 733 | 623 | 583 | 422 | 364 |
| 4 | EKM | 1632 | 232 | 73 | 63 | 55 | 48 | 33 |
| 5 | TSR | 982 | 714 | 317 | 284 | 272 | 247 | 202 |
| 6 | MLPM | 1806 | 1143 | 356 | 206 | 171 | 132 | 103 |
| 7 | KKD | 2609 | 323 | 99 | 89 | 79 | 71 | 58 |
| 8 | KNR | 1583 | 1583 | 144 | 130 | 86 | 66 | 59 |
| 9 | KSD | 1169 | 1169 | 174 | 140 | 52 | 43 | 24 |
| | Total | 21002 | 11240 | 3313 | 2594 | 2122 | 1738 | 1435 |